**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 469** **11-06-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഓഫീസ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** |

(എ) നാളിതുവരെ ഓഫീസ് വാടക ഇനത്തിൽ കിഫ്ബി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ;

(എ) നാളിതുവരെ കിഫ്ബി ചുവടെ പറയും പ്രകാരം 123442164.6 (പന്ത്രണ്ട് കോടി മുപ്പത്തിനാലുലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി നൂറ്റി അറുപത്തി നാലു രൂപ) വാടകയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

| Financial Year | Amount |
|---|---|
| 2015-16 | 12,10,546.10 |
| 2016-17 | 16,14,692.00 |
| 2017-18 | 80,07,334.60 |
| 2018-19 | 1,04,31,513.00 |
| 2019-20 | 1,24,77,839.76 |
| 2020-21 | 1,57,22,932.00 |
| 2021-22 | 2,28,03,051.26 |
| 2022-23 | 2,61,67,369.00 |
| 2023-24 | 2,50,06,886.86 |
| **Total** | **123442164.6** |

(ബി) കിഫ്ബി സ്വന്തമായി ഓഫീസ് നിർമ്മിക്കുന്നതിന് ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തത്; വിശദാംശങ്ങൾ നൽകുമോ;

(ബി) കഴിഞ്ഞ കുറേ വർഷങ്ങളായി കിഫ്ബി വിവിധ ഓഫീസ് സ്ഥലങ്ങളിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. KIIFB യുടെ നിലവിലുള്ളതും ഭാവിയിലുള്ളതുമായ സ്റ്റാഫിംഗ് ആവശ്യകതകൾ കണക്കിലെടുത്ത്, സ്വന്തമായി ഒരു ഓഫീസ് കെട്ടിടത്തിന്റെ നിർമാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനോ, അല്ലെങ്കിൽ KIIFB യുടെ ആവശ്യകതകൾ നിറവേറ്റുന്ന കെട്ടിടം വാങ്ങുന്നതിനോ KIIFB യുടെ 46-ആം ജനറൽ ബോഡി ഒരു താൽപര്യം പ്രകടിപ്പിക്കൽ പത്രിക പുറത്തിറക്കാൻ കിഫ്ബി സിഇഒ യെ അധികാരപ്പെടുത്തുകയും, അത്തരം താല്പര്യ പത്രികകൾ ലഭിക്കുന്ന മുറക്ക് തുടർ നടപടികൾക്കായി സർക്കാരിൽ സമർപ്പിക്കാനും യോഗം തീരുമാനിച്ചു. യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരം ഒരു താൽപര്യം പ്രകടിപ്പിക്കൽ

| | | | |
|---|---|---|---|
| | | | പത്രിക പുറത്തിറക്കുകയും, നിശ്ചിത സമയത്തിനുള്ളിൽ, ചുവടെ പറയുന്ന മൂന്ന് ലേലക്കാർ ഓഫീസ് സ്ഥലമോ, ഭൂമിയോ നൽകുന്നതിന് അവരുടെ താൽപ്പര്യം കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തു.<br>1. ശ്രീ . സണ്ണി വർക്കി<br>2. M/S മുത്തൂറ്റ് ഫിൻ കോർപ്പ്<br>3. M/S സ്റ്റാർ ഹിൽ റിയൽ എസ്റ്റേറ്റ് |
| (സി) | സ്വന്തമായി ഓഫീസ് നിർമ്മിക്കുന്നതിന് എത്ര കോടി രൂപയുടെ ചെലവ് വരുമെന്നാണ് കിഫ്ബി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഓഫീസ് കെട്ടിടം വാങ്ങുന്നതിനായി 70 മുതൽ 90 കോടി വരെ ചെലവ് വരുമെന്നാണ് കിഫ്ബി കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ